**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 622** **10-02-2025 - ൽ മറുപടിയ്ക്ക്**

**കോളേജ് ക്യാമ്പസുകളിൽ വ്യവസായശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ കോളേജ് ക്യാമ്പസ്സുകളിൽ വ്യവസായശാല ആരംഭിച്ച് കുട്ടികളുടെ സാങ്കേതിക കഴിവ് ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്;<br><br>വ്യവസായ ആവശ്യത്തിനായി സ്ഥല ലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി 29-02-2024-ലെ സ.ഉ (കൈ) നമ്പർ 16/2024/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്.<br><br>കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ മുതലായവ), ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. 30വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുന്നത്. ഈ പദ്ധതിയിൽ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ് പോർട്ടൽ മുഖേന വ്യവസായ വാണിജ്യ ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സമർപ്പിക്കുന്ന പൂർണ്ണമായ അപേക്ഷകൾ സർക്കാർ തലത്തിൽ വകുപ്പുതല സെക്രട്ടറിമാർ അടങ്ങുന്ന ഉന്നതസമിതി പരിശോധിച്ച് വ്യവസായ എസ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | ഡെവലപ്പർ പെർമിറ്റ് നൽകുവാൻ തീരുമാനം എടുക്കുന്നു.<br><br>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണപ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിന് ഇതിലൂടെ കഴിയുന്നതാണ്. ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ/ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും നിരാക്ഷേപസാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്ക് ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിലെ trade/branch/core subject എന്നിവയുമായി ബന്ധമുള്ള സംരംഭങ്ങൾക്ക് മുൻഗണന ഉണ്ടാകും. പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസായ പാർക്കുകളിൽ വരുന്ന സംരംഭങ്ങളിൽ apprenticeship/internship-നുള്ള അവസരം നൽകി അവർക്ക് സ്വന്തമായി സംരംഭം തുടങ്ങുന്നതിനുള്ള അവസരം നൽകുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എല്ലാ വിഷയങ്ങളിലും പഠിക്കുന്ന കുട്ടികൾക്ക് അവസരം നല്കുന്നുണ്ടോ; ഇവർക്ക് വേതനമായിട്ട് എന്തെങ്കിലും നൽകുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | പദ്ധതിയുടെ ഭാഗമായി വരുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് ക്യാമ്പസ് വ്യവസായ പാർക്കുകളിൽ മുൻഗണന നൽകുന്നു. പഠന വിഷയവുമായി ബന്ധപ്പെട്ട നിബന്ധനകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് വേതനം നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ